**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1781** **11-10-2024 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ കൊട്ടുവായൂർ വൃദ്ധസദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ)** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | നെന്മാറ മണ്ഡലത്തിലെ കൊട്ടുവായൂർ വൃദ്ധസദനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത വൃദ്ധസദനത്തിൽ എത്ര അന്തേവാസികളാണുള്ളതെന്നും അവിടെ എന്തെല്ലാം ഭൗതികസൗകര്യങ്ങളാണ് നിലവിലുള്ളതെന്നും വിശദമാക്കുമോ; | (എ) | കൊട്ടുവായൂർ വൃദ്ധസദനത്തിൽ 14 പുരുഷന്മാരും 11 സ്ത്രീകളും അടക്കം 25 മുതിർന്ന പൗരന്മാർ നിലവിൽ താമസിക്കുന്നുണ്ട്.<br><br>**സ്ഥാപനത്തിലെ ഭൗതീക സൗകര്യങ്ങൾ**<br><br>സ്ഥാപനത്തിൽ 6 സ്ഥിരം ജീവനക്കാരും (സൂപ്രണ്ട് പൂർണ്ണ അധിക ചുമതല ഉൾപ്പെടെ), ആയുർവേദ ഡോക്ടർ, അറ്റൻഡർ, JPHN, MTCP, ആയ ഉൾപ്പെടെ 9 താൽകാലിക ജീവനക്കാരും താമസക്കാരെ പരിചരിക്കുന്നതിനായി സേവനമനുഷ്ഠിച്ചു വരുന്നു. കെട്ടിടത്തിന്റെ രണ്ടു നിലകളിലായി 4 ഡോർമിറ്ററികളിൽ 25 ആളുകളെ പാർപ്പിക്കാവുന്ന സൗകര്യമാണ് നിലവിൽ ഉള്ളത്. |
| (ബി) | പ്രസ്തുത വൃദ്ധസദനത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കുമോ? | (ബി) | 2013-14 സാമ്പത്തിക വർഷം കൊട്ടുവായൂർ വൃദ്ധസദനത്തിന് പുതിയ കെട്ടിടം നിർമ്മിയ്ക്കുന്നതിനായി വകുപ്പിൽ നിന്നും 2,65,50,000/- രൂപ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചിരുന്നു. കെട്ടിട നിർമ്മാണത്തിനായി വാങ്ങിയ സ്ഥലം നിലം ഭൂമി ആയതിനാൽ പരിവർത്തനാനുമതി ലഭിക്കുന്നതിനും ഡി.പി.ആർ തയ്യാറാക്കി കിട്ടുന്നതിനും കാലതാമസം വരികയും നിലവിൽ ആയത് പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2024-25 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 5,00,00,000/- (അഞ്ച് കോടി) രൂപയുടെ പ്രോജക്റ്റ് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്. ടി കെട്ടിടം നിർമ്മാണത്തിനായി വകുപ്പിൽ നിന്നും അനുവദിച്ച 2,65,50,000/- രൂപയും ബാങ്കിൽ നിന്നുള്ള പലിശയും ചേർത്ത് നിലവിൽ 3,64,94,071/- രൂപ നീക്കിയിരിപ്പുണ്ട്. അതിനോടൊപ്പം പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തികരിക്കുന്നതിന് ആവശ്യമായ 1,40,00,000/- (ഒരു കോടി നാല്പത് ലക്ഷം) രൂപ |

| | | | |
|---|---|---|---|
| | | | സാമൂഹ്യ നീതി വകുപ്പിൽ നിന്നും അനുവദിച്ച് നൽകുന്നതിന് കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>രണ്ട് നിലകളിലായി 1579.25 $m^2$ വിസ്തൃതിയിൽ 50 പേർക്ക് താമസിക്കാവുന്ന കെട്ടിടം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ നിർമ്മാണത്തിന്റെ സാങ്കേതികാനുമതി ലഭിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടി സ്വീകരിച്ച് നിർമ്മാണം ആരംഭിക്കുന്നതിന് സാധിയ്ക്കുന്നതാണ്.<br><br>പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തികരിക്കുന്നതിന് അധികമായി ആവശ്യമായ 1,40,00,000/- രൂപ അനുവദിച്ച് നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ